പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1474 13.07.2011-ൽ മറുപടിയ്ക്ക്

സമ്പൂർണ്ണ വൈദ്യുതവത്കരണത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. പി. സി. വിഷ്ണുനാഥ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന സമ്പൂർണ്ണ വൈദ്യുതി വത്ക്കരണ പദ്ധതിക്കായി ഇപ്പോൾ എത്ര തുക അനുവദിച്ചുവെന്നും ഇത് ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ ; | (എ) എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാർ പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനു വേണ്ടി 114.57 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. മേൽപ്പറഞ്ഞ 6 ജില്ലകളിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനു വേണ്ടി ആദ്യഗഡുവായി 31.895 കോടി രൂപ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ വഴി കെ. എസ്. ഇ. ബോർഡിന് ലഭിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ആർ. ജി. ജി. വി. വൈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അംഗീകാരം കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഈ ഏഴു ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടങ്കൽ തുക 83.48 കോടി രൂപയാണ്. ആർ. ജി. ജി. വി. വൈ ഇടുക്കി ജില്ലയിൽ നടപ്പിലാക്കി കഴിഞ്ഞു. 16.55 കോടി രൂപ ഇടുക്കി ജില്ലയ്ക്കു വേണ്ടി ബോർഡിന് ലഭിച്ചു. |
| (ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ; പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിക്കുമെന്നാണ് കരുതുന്നത് ; | (ബി) ആർ. ജി. ജി. വി. വൈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികൾ താഴെ ചേർക്കുന്നു.<br>1. 11 കെ. വി. ലൈൻ വലിക്കുക. |

2. 25 കെ.വി.എ ട്രാൻസ്ഫോർ മറുകൾ സ്ഥാപിക്കുക.
3. എൽ. റ്റി. ലൈനുകൾ വലിക്കുക.
4. ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുക.

ഈ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ മാത്രമേ പ്രവൃത്തികൾ പൂർത്തകരിച്ചിട്ടുള്ളൂ. ഇടുക്കി ജില്ലയിൽ 17879 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിച്ചു. ഇതിൽ 17238 വീടുകൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെതാണ്. 6 വടക്കൻ ജില്ലകളിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 38517 കുടുംബങ്ങൾക്കാണ്. ബാക്കി 7 ജില്ലകളിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 18839 കുടുംബങ്ങൾക്കാണ്.

(സി) സമ്പൂർണ്ണ വൈദ്യുതിവത്ക്കരണത്തിനായി നാളിതുവരെ കേന്ദ്രസർക്കാർ ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമെന്ന് അറിയിക്കാമോ ;

(സി) ആർ. ജി. ജി. വി. വൈ പദ്ധതിക്ക് വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുകയുടെയും ചെലവുകളുടെയും കണക്കുകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലഭിച്ചതുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 2006-07 | 512.53 | -- |
| 2007-08 | -- | 107.4669 |
| 2008-09 | 83.51 | 143.0755 |
| 2009-10 | 1058.669 | 749.86158 |
| 2010-11 | 3189.48702 | 658.23642 |
| 2011 **upto** 08 /07/ 2011 | -- | 278.19782 |
| ആകെ | 4844.13 | 1936.83822 |

ആർ.ജി.ജി.വി.വൈ പദ്ധതിയ്ക്കു പുറമേ പാലക്കാട് ജില്ലയുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ബി. ആർ. ജി. എഫ് (ബാക്ക്‌വേർഡ് റീജ്യൺ ഗ്രാൻറ് ഫണ്ട്) ൽ നിന്നും 445 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഊർജ്ജ സംരക്ഷണത്തിൻെറ ഭാഗമായി കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കേന്ദ്രസർക്കാർ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുത്തി എത്ര തുക വീതം അനുവദിച്ചുവെന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും അറിയിക്കാമോ ?

(ഡി) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനു കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയിൽ നിന്നും, ഊർജ്ജ സംരക്ഷണ പ്രവർത്തനം നടപ്പിലാക്കുന്നതിനായി എനർജി മാനേജ്മെൻറ് സെൻററിന് കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കിട്ടിയ തുകയും ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു.

| കിട്ടിയ തുക | | ചെലവഴിച്ച തുക |
|---|---|---|
| വർഷം | തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| 2006-07 | NIL | NIL |
| 2007.08 | 49.60 | 25.00 |
| 2008.09 | 169.90 | 89.16 |
| 2009.10 | 50.50 | 34.67 |
| 2010.11 | 14.25 | 71.43 |

കൂടാതെ 2010-11 വർഷം സംസ്ഥാന ഊർജ്ജ സംരക്ഷണ ഫണ്ടിലേക്ക് കേന്ദ്ര സർക്കാരിൻെറ വിഹിതമായി 200 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ